# കേരള ഐ.എൻ.റ്റി.യു.സി




ഏഴ് ദശാബ്ദമായി തുടരുന്ന കേരള ഐ.എൻ.റ്റി.യു.സി.യുടെ പ്രവർത്തനം തൊഴിലാളി സമരപ്രക്ഷോഭത്തിന്റെയും അവകാശ സംരക്ഷണ ത്തിന്റെയും ചരിത്രം ഉൾക്കൊള്ളുന്നു. 1956 – ൽ കേരള സംസ്ഥാനം രൂപീ കൃതമാകുന്നതുവരെ തിരുവിതാംകൂർ – കൊച്ചി – മലബാർ പ്രദേശങ്ങളി ലായി പ്രവർത്തിച്ചിരുന്ന ഐ.എൻ.റ്റി.യു.സി കയർ, കൈത്തറി, തുണി മിൽ, കാർഷിക, തോട്ടം, കശുവണ്ടി, എണ്ണയാട്ട് മേഖലകളിൽ സജീവമായി. തൊഴിലാളി പ്രവർത്തനം രാഷ്ട്രീയ പ്രവർത്തനത്തിന്റെ ഭാഗമായി മാറിയ കേരളത്തിൽ ഐ.എൻ.റ്റി.യു.സി.യിലൂടെ രാഷ്ട്രീയ രംഗത്ത് അതികായക രായവർ ഏറെയാണ്.

1948 മുതൽ തൊഴിലാളി പ്രവർത്തന രംഗത്ത് സജീവമായി തൃശ്ശൂർ കേന്ദ്രീകരിച്ച് പ്രവർത്തിച്ചു വന്ന കെ. കരുണാകരന്റെ പ്രവർത്തനം ബി.കെ. നായരുടെ വരവോട് കൂടി ഇതേ വർഷം ഐ.എൻ.റ്റി.യു.സി.യായി മാറി. തിരുകൊച്ചി മലബാർ മേഖലകളിൽ ഐ. എൻ.റ്റി.യു.സി. പ്രവർത്തനം സജീവമാക്കുവാൻ ദേശീയ കമ്മിറ്റി നിയോഗിച്ച ബി.കെ. നായർ കെ. കരുണാകരനുമായി ബന്ധപ്പെട്ട് കേരളത്തിൽ പ്രവർത്തനം സജീവമാക്കി. മുത ലാളിമാരുടെയും കമ്മ്യൂണിസ്റ്റ് പാർട്ടിയുടെയും എല്ലാ എതിർപ്പുകളെയും അവഗണിച്ചും പോരടിച്ചുമാണ് ഇവർ കേരളത്തിൽ ഐ.എൻ.റ്റി.യു.സി.യ്ക്ക് അടിത്തറ പാകിയത്. നിരന്തര യാത്രകളിലൂടെയും തൊഴിൽ തർക്കങ്ങളിൽ ഇടപെട്ടും അവ പരിഹരിച്ചും സമരരംഗത്ത് അടിപതറാതെ നിലയുറപ്പിച്ചും നടത്തിയ പ്രവർത്തനങ്ങൾ ചിരസ്മരണീയമാണ്. തൊഴിലാ ളികളോട് നിരന്തരം സംവദിച്ചും അവരോടൊപ്പം ലയങ്ങളിൽ ഭക്ഷണം കഴിച്ചും അന്തിയുറ ങ്ങിയും യൂണിയൻ ഓഫീസ് വരാന്തയിലെ ബഞ്ചിൽ തലചായ്ച്ചും ഇവർ കെട്ടിപ്പടുത്ത ഐ. എൻ.റ്റി.യു.സി. ഓർമ്മകളിലെ അത്ഭുതവും ആവേശവുമാണ്.

ഐ.എൻ.റ്റി.യു.സി. രംഗത്തെ പ്രവർത്തന മികവും സാഹസിക പ്രവർത്തനങ്ങളും വിഷയങ്ങളിലെ ഇടപെടലുകളും രാഷ്ട്രീയരംഗത്തെ ഇവരുടെ പ്രവർത്തന ചിന്തകൾക്ക് ശക്തിപകർന്നു. കെ. കരുണാകരൻ കേരളത്തിലും ദേശീയതലത്തിലും രാഷ്ട്രീയരംഗത്തെ അത്യുജ്ജ്വല പ്രതിഭയും കിംഗ്മേക്കറുമായി മാറിയെങ്കിൽ ബി.കെ. നായർ പാർലമെന്റി ലേയ്ക്ക് 2 പ്രാവശ്യം തിരഞ്ഞെടുക്കപ്പെട്ടു.

1957 – ൽ ഒറ്റയ്ക്കും, 1967 – ൽ സപ്തകക്ഷി മന്ത്രിസഭയും രൂപീകരിച്ച് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം കേരളത്തിൽ മുന്നേറിയപ്പോൾ അതിനെതിരെ ശക്തമായ രാഷ്ട്രീയ പോരാട്ട ങ്ങൾക്ക് നേതൃത്വം കൊടുത്തത് ഐ.എൻ.റ്റി.യു.സി. നേതാവായിരുന്ന കെ.കരുണാകരനും അദ്ദേഹത്തോടൊപ്പം പ്രവർത്തിച്ച ഐ.എൻ.റ്റി.യു.സി. നേതാക്കളുമായിരുന്നു.

കോൺഗ്രസ്സിന്റെ പോഷക സംഘടനകളായി ഇന്ന് മാറിയിരിക്കുന്ന കെ.എസ്.യു.വി നും, യൂത്ത് കോൺഗ്രസ്സിനും, എൻ.എസ്.യു.ഐ. ക്കും തുടക്കമിട്ടതും വളർന്ന് ശക്തിപ്രാ പിക്കുവാൻ കൈതാങ്ങായി പ്രവർത്തിച്ചതും ഐ.എൻ.റ്റി.യു.സി.യാണ്. 1957 മേയ് 30 ന് ആലപ്പുഴ പട്ടണത്തിൽ മുല്ലയ്ക്കൽ താണു അയ്യർ ബിൽഡിംഗിൽ കെ.എസ്.യു. രൂപീകരണ ത്തിന് വിരലിൽ എണ്ണാവുന്ന വിദ്യാർത്ഥിക്കളെ കൂട്ടി യോഗം നടത്താൻ എല്ലാ സഹായ സഹകരണങ്ങളും നൽകിയത് ഐ.എൻ.റ്റി.യു.സി. നേതാവും അന്ന് ആലപ്പുഴ ഡി.സി.സി. പ്രസിഡന്റുമായിരുന്ന സി.എം. സ്റ്റീഫനും ഐ.എൻ.റ്റി.യു.സി. ജില്ലാ പ്രസിഡന്റായിരുന്ന കെ.സി. ഈപ്പനുമാണ്. അക്കാലത്ത് വിദ്യാർത്ഥി സംഘടന രൂപീകരണവുമായി കൊച്ചി യിലെ കെ.പി.സി.സി. ഓഫീസിലേയ്ക്ക് വിദ്യാർത്ഥികൾ കടന്നു ചെന്നാൽ അടിച്ച് ഓടിക്കു മായിരുന്നു. കാരണം വിദ്യാർത്ഥികൾ പഠിക്കുകയാണ് രാഷ്ട്രീയം കളിക്കുകയല്ല വേണ്ടത്

എന്ന അഭിപ്രായകാരായിരുന്നു അന്നത്തെ കോൺഗ്രസ്സ് നേതാക്കൾ. എന്നാൽ വിദ്യാർത്ഥികൾ അടുത്ത തലമുറയുടെ വാഗ്ദാനങ്ങളാണെന്ന തിരിച്ചറിവിൽ ഐ.എൻ.റ്റി.യു.സി. സർവ്വ പിൻതുണയും വിദ്യാർത്ഥികൾക്ക് നൽകി.

കെ.എസ്.യു. രൂപീകണ യോഗത്തിൽ അന്ന് ചായയും പരിപ്പ് വടയും വാങ്ങി നൽകിയത് പോലും ഐ.എൻ.റ്റി.യു.സി.യുടെ ചെലവിൽ ആയിരുന്നു. കേരള സ്റ്റുഡൻസ് യൂണിയനിൽ യൂണിയൻ എന്ന വാക്ക് തന്നെ ഐ.എൻ.റ്റി.യു.സി.യുമായുള്ള ബന്ധത്തെ കാണിക്കുന്നു. ഇന്ന് ആയിരുന്നെങ്കിൽ ഈ പേര് കേരള സ്റ്റുഡൻസ് കോൺഗ്രസ്സ് എന്ന് ആകുമായിരുന്നു എന്നതിൽ രണ്ട് അഭിപ്രായമുണ്ടാകില്ല.

പിൽകാലങ്ങളിൽ നടന്ന സ്കൂൾ - കോളേജ് തിരഞ്ഞെടുപ്പുകളിൽ കെ.എസ്.യു. വിന് ആളും അർത്ഥും നൽകി കാവലാളുകളായി സംരക്ഷണ വലയം തീർത്ത് ഓരോ കെ.എസ്.യു. പ്രവർത്തകനും ആത്മവിശ്വാസം നൽകിയതും ഐ.എൻ.റ്റി.യു.സി. ആയിരുന്നു എന്നത് പഴയ ചരിത്രത്തിന്റെ ഭാഗമാണ്.

1967 – ൽ കേരളത്തിൽ കോൺഗ്രസ്സ് ദയനീയമായി തോൽക്കുകയും, കേവലം 9 എം.എൽ.എ മാരുമായി നിയമസഭയെ നേരിട്ടപ്പോൾ അതിന് നേതൃത്വം കൊടുത്തത് ട്രേഡ് യൂണിയൻ നേതാവ് കെ. കരുണാകരൻ ആയിരുന്നു.

1977 ൽ ഇന്ദിരാഗാന്ധിയും കോൺഗ്രസ്സും ദേശീയതലത്തിൽ പരാജയപ്പെട്ടപ്പോൾ പാർലമെന്റിലെ പ്രതിപക്ഷ നേതൃസ്ഥാനത്തേയ്ക്ക് ഇന്ദിരാഗാന്ധി നിയോഗിച്ചത് കേരളത്തിലെ ഐ.എൻ.റ്റി.യു.സി. പ്രസിഡന്റും എം.പി.യുമായിരുന്ന സി.എം. സ്റ്റീഫനെയാണ്. ചുരുക്കത്തിൽ കോൺഗ്രസ്സിന്റെ പ്രതിസന്ധി കാലഘട്ടങ്ങളിലെല്ലാം പാർട്ടിയുടെ നെടുംതൂണായി പ്രവർത്തിച്ചിട്ടുള്ളത് തൊഴിലാളികളും ഐ.എൻ.റ്റി.യു.സി.യുമാണെന്ന് കാണാം.

2023 ലെ കണക്കുകൾ പ്രകാരം രാജ്യത്തെ ഏഴായിരത്തോളം വ്യത്യസ്ത യൂണിയനുകളിലായി നാല് കോടിയിൽപരം തൊഴിലാളി അംഗബലമുള്ള സംഘടനയാണ് ദേശീയതലത്തിൽ ഐ.എൻ.റ്റി.യു.സി. ബൽജിയം ആസ്ഥാനമായുള്ള ഇന്റർ നാഷണൽ ട്രേഡ് യൂണിയൻ കോൺഫെഡറേഷനിലെ അഫിലിയേഷനും, ഇന്റർ നാഷണൽ ലേബർ ഓർഗനൈസേഷനിലെ ഭരണപങ്കാളിത്വവും, ഐക്യരാഷ്ട്ര സഭയുടെ അംഗീകാരവും, ഐ.എൻ.റ്റി.യു.സിയുടെ അന്തർദേശീയ പ്രസക്തി ബോധ്യപ്പെടുത്തുന്നു. ഇന്ത്യയിലെ 10 ഓളം കേന്ദ്ര ട്രേഡ് യൂണിയനുകളുടെ സംയുക്ത ഐക്യവേദിക്ക് നേതൃത്വം കൊടുക്കുന്നതിലും ഐ.എൻ.റ്റി.യു.സി. മുൻനിരയിലാണ്.

487 യൂണിയനുകളിലായി 16.37 ലക്ഷം തൊഴിലാളികളുടെ പിൻബലമാണ് കേരളത്തിൽ ഐ.എൻ.റ്റി.യു.സിയ്ക്ക് ഉള്ളത്. ഈ തൊഴിലാളികൾ 11 വ്യത്യസ്ത ഫെഡറേഷനുകളിലും 14 ജില്ലാ കമ്മിറ്റികളിലും 142 റീജിയണൽ കമ്മിറ്റികളിലും 938 മണ്ഡലം കമ്മിറ്റികളിലുമായി സംസ്ഥാന കമ്മിറ്റിയ്ക്ക് കീഴിൽ പ്രവർത്തിക്കുന്നു. വുമൺ വർക്കേഴ്സ് കൗൺസിൽ സംസ്ഥാന - ജില്ലാ കമ്മിറ്റികൾ, യംഗ് വർക്കേഴ്സ് കൗൺസിൽ സംസ്ഥാന - ജില്ല കമ്മിറ്റികൾ, 250 തൊഴിലാളികളടങ്ങുന്ന സംസ്ഥാനതല സോഷ്യൽ മീഡിയ വിഭാഗം, തൊഴിലാളി വിഷയ പഠനത്തിനും ഗവേഷണത്തിനുമായി ജി. രാമനുജം ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ലേബർ സ്റ്റഡീസ് എന്നിവയും ഇന്ത്യൻ തൊഴിലാളി പ്രതിമാസ പ്രസിദ്ധീകരണവും ഐ.എൻ.റ്റി.യു.സി. സംസ്ഥാന കമ്മിറ്റിയുടെ പ്രവർത്തനവിഭാഗങ്ങളാണ്. കേരളത്തിലെ വിവിധ ട്രേഡ് യൂണിയനുകളുടെ സംയുക്തവേദിയ്ക്കും ഐ.എൻ.റ്റി.യു.സി. നേതൃത്വം നൽകുന്നു.

കേരള ഐ.എൻ.റ്റി.യു.സി. യുടെ ചരിത്രത്തിൽ ആദ്യമായി സംസ്ഥാന കമ്മിറ്റിയ്ക്ക് ഒരു ആസ്ഥാന മന്ദിരം ഉയർന്നിരിക്കുന്നു. തിരുവനന്തപുരം ഇന്റർ നാഷണൽ എയർപോർട്ടിന് സമീപം കഴക്കൂട്ടം - കോവളം ബൈപ്പാസ് റോഡിന് അഭിമുഖമായി പരുത്തിക്കുഴിയിലാണ് ഈ മന്ദിരം. കേരളത്തിലെ ഐ.എൻ.റ്റി.യു.സിയുടെ സ്ഥാപക

നേതാവും മാർഗ്ഗദർശിയുമായ കെ.കരുണാകരന്റെ നാമധേയത്തിൽ കെ. കരുണാകരൻ സ്മാരക ഐ.എൻ.റ്റി.യു.സി. മന്ദിരം എന്ന് ഈ ആസ്ഥാന മന്ദിരം അറിയപ്പെടുന്നു. സംസ്ഥാന കമ്മിറ്റി ഓഫീസ്, നാഷണൽ & ഇന്റർ നാഷണൽ ലേബർ റിസർച്ച് ആന്റ് ഡോക്യുമെന്റേഷൻ സെന്റർ, കോൺഫറൻസ് ഹാൾ എന്നിവ അടങ്ങുന്നതാണ് 6300 സ്ക്വയർഫീറ്റിൽ 3 നിലകളിലായുള്ള ഈ മന്ദിരം. തൊഴിലാളി പ്രവർത്തനത്തിനും പ്രത്യേ കിച്ച് ഐ.എൻ.റ്റി.യു.സി. പ്രവർത്തനത്തിനും ഈ ഓഫീസ് മന്ദിരം ഒരു നാഴികകല്ലാണ്.

ചില പ്രത്യേക ആശയങ്ങളോ തത്വങ്ങളോ ജനങ്ങളിൽ അവതരിപ്പിച്ച് അവരെ സംഘ ടിത രൂപത്തിലാക്കി കേവല ഭൂരിപക്ഷ വിശ്വാസം നേടിയെടുത്ത് ഭരണസ്ഥാനമാനങ്ങൾ നേടുന്ന പ്രക്രിയയാണ് രാഷ്ട്രീയം. ഈ രീതിയിൽ പ്രവർത്തിക്കുന്ന സംഘടനയെ രാഷ്ട്രീ യ പാർട്ടിയെന്നും ഇതിൽ പ്രവർത്തിക്കുന്നവരെ രാഷ്ട്രീയ പ്രവർത്തകരെന്നും പറയുന്നു.

എന്നാൽ ഈ രാഷ്ട്രീയ പ്രവർത്തനങ്ങളിൽ നിന്നും തീർത്തും വ്യത്യസ്തമാണ് ട്രേഡ് യൂണിയൻ പ്രവർത്തനം. തൊഴിലെടുത്ത് ജീവിക്കുന്നവർക്ക് നല്ലൊരു ജീവിതനില വാരം പ്രാപ്തമാക്കാൻ കഴിയുന്ന പ്രവർത്തനമാണ് ട്രേഡ് യൂണിയൻ പ്രവർത്തനം. മാറി മാറി വരുന്ന വ്യവസ്ഥിതികൾക്കനുസരിച്ച് നിയമപരമായും കൂട്ടായ വിലപേശലിലൂടെയും തൊഴിലാളികളുടെ അവകാശങ്ങൾ സ്ഥാപിച്ചെടുക്കുകയും നേടിക്കൊടുക്കുകയും ചെയ്യുക എന്നതാണ് ട്രേഡ് യൂണിയനുകളുടെ പ്രഥമ കർത്തവ്യം. 1926 ലെ ട്രേഡ് യൂണിയൻ നിയമ ത്തിനും ഇന്ത്യൻ ഭരണഘടന വ്യവസ്ഥകൾക്കും നിരവധി തൊഴിൽ നിയമങ്ങൾക്കും ചട്ട ങ്ങൾക്കും വിധേയമായി ട്രേഡ് യൂണിയനുകൾ പ്രവർത്തിക്കുന്നു.

ഈ നിയമങ്ങളും ചട്ടങ്ങളും പ്രകാരം തൊഴിൽ വകുപ്പിൽ രജിസ്റ്റർ ചെയ്തും ഐ. എൻ.റ്റി.യു.സി. എന്ന കേന്ദ്ര ട്രേഡ് യൂണിയനിൽ അഫിലിയേറ്റ് ചെയ്തും ആണ് ഓരോ ഐ.എൻറ്റി.യു.സി യൂണിയനും പ്രവർത്തിക്കുന്നത്. യൂണിയൻ ബൈലാ, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, അഫിലിയേഷൻ സർട്ടിഫിക്കറ്റ്, അംഗത്വ രജിസ്റ്റർ, മിനിട്സ് ബുക്ക്, ബാങ്ക് അക്കൗണ്ട്, മാസവരിയുടെയും മറ്റ് പിരിവുകളുടെയും രസീതിന്റെ പകർപ്പ്, വരവ് - ചെലവ് കണക്ക് ബുക്ക് എന്നിവ കൃത്യമായി പരിപാലിച്ചും സൂക്ഷിച്ചുമാണ് ട്രേഡ് യൂണിയനു കളുടെ പ്രവർത്തനം. ഇത് സംബന്ധിച്ച് ഓരോ വർഷവും രജിസ്ട്രാർ ഓഫ് ട്രേഡ് യൂണി യൻസിന് യൂണിയനുകൾ വാർഷിക റിട്ടേൺ സമർപ്പിക്കണം. ഇത്രയും ഗൗരവ്വമാർന്ന കാര്യങ്ങൾ പാലിച്ച് ഓരോ ഐ.എൻ.റ്റി.യു.സി യൂണിയനും സംസ്ഥാന കമ്മിറ്റിയും പ്രവർത്തിക്കുന്നു.

തീർത്തും കുത്തഴിഞ്ഞ പ്രവർത്തനങ്ങളിലൂടെ മുന്നോട്ട് പോയിരുന്ന കേരള ഐ. എൻ.റ്റി.യു.സിയ്ക്ക് ഒരു പുത്തനുണർവ് പ്രധാനം ചെയ്തത് കഴിഞ്ഞ കുറച്ച് വർഷത്തെ നിരന്തരമായ പ്രവർത്തനങ്ങളാണ്. 2007 ൽ സംസ്ഥാന പ്രസിഡന്റായി സ്ഥാനമേറ്റ ശ്രീ. ആർ. ചന്ദ്രശേഖരൻ നടത്തിയ പ്രവർത്തന മികവിന്റെ നേർകാഴ്ചയാണ് നിലവിലെ ഐ. എൻ.റ്റി.യു.സി.

സർക്കാർ രേഖകളിൽ 1980 ലെ പരിശോധനയിൽ 37000 ഉം 1989 ലെ പരിശോധന യിൽ 63000 ഉം 2002 ലെ പരിശോധനയിൽ 72000 ഉം മാത്രമായിരുന്നു ഐ.എൻ.റ്റി.യു.സി. യുടെ അംഗസംഖ്യ. ഐ.എൻ.റ്റി.യു.സിയ്ക്ക് അംഗങ്ങൾ ഇല്ലാത്തതായിരുന്നില്ല വിഷയം മിറച്ച് ഓരോ യൂണിയനും തൊഴിൽ വകുപ്പിൽ സമർപ്പിക്കേണ്ട രേഖകൾ കൃത്യമായി സമർപ്പിക്കാതിരുന്നതാണ് അംഗബലം കുറയുവാൻ കാരണം. എന്നാൽ 2011 ൽ നടന്ന പരി ശോധനയിൽ 10,45000 അംഗസംഖ്യ അധികാരികൾക്ക് മുമ്പിൽ തെളിയിക്കാൻ ഐ.എൻ.റ്റി. യു.സി. സംസ്ഥാന കമ്മിറ്റിക്ക് സാധിച്ചു.

2008 ൽ കാസർഗോഡ് നിന്നും തിരുവനന്തപുരത്തേയ്ക്ക് നടത്തിയ തൊഴിലാളി മോചന യാത്രയും, 2009 ൽ കൊച്ചിയിൽ നടത്തിയ ദേശീയ പ്ലീനറി സമ്മേളനവും, 2012 ലും 2016 ലും 2022 ലും ചിട്ടയായി നടത്തിയ സംസ്ഥാന ജില്ലാ കമ്മിറ്റി തിരഞ്ഞെടുപ്പുകളും, 2014 ഫെബ്രുവരി 15 ന് കോൺഗ്രസ്സ് പ്രസിഡന്റ് ശ്രീമതി. സോണിയാഗാന്ധി ഉദ്ഘാടനം ചെയ്ത

കൊല്ലം ഐ.എൻ.റ്റി.യു.സി സംസ്ഥാന റാലിയും 2014 ഫെബ്രുവരി 17, 18 തീയതികളിൽ കൊല്ലത്തു നടന്ന ദേശീയ വർക്കിംഗ് കമ്മിറ്റിയും, കേരള ഐ.എൻ.റ്റി.യു.സി.യുടെ ഊർജ്ജ സ്വലമായ പ്രവർത്തനത്തിന്റെ തെളിവുകളാണ്.

ജീവിക്കാനൊരു ജോലി - തുല്യ ജോലിയ്ക്ക് തുല്യ വേതനം, മിനിമം വേതനം 600 രൂപ ആക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ച് 2017 ആഗസ്റ്റ് 14 മുതൽ 31 വരെയായി കാസർഗോഡു നിന്നും തിരുവനന്തപുരത്തേയ്ക്ക് നടത്തിയ സമരപ്രഖ്യാപന വാഹനജാഥയും, 2018 ജനുവരി 6, 7 തീയതികളിൽ കൊച്ചിയിൽ നടത്തിയ ദേശീയ വർക്കിംഗ് കമ്മിറ്റിയും, 2015 ൽ കാഷ്യു കോർപ്പറേഷൻ തൊഴിലാളികളുടെ ബോണസ്സ് വിഷയത്തിൽ നടത്തിയ നിരാഹാര സമരവും സമരപോരാട്ടങ്ങളുടെ നേർകാഴ്ചകളാണ്.

2022 മേയ് 3 ന് തിരുവനന്തപുരത്ത് നടത്തിയ ഐ.എൻ.റ്റി.യു.സി ദേശീയ പ്ലാറ്റിനം ജൂബിലി ആഘോഷവും ദേശീയ വർക്കിംഗ് കമ്മറ്റി യോഗവും സർവ്വശ്രീ. എ.കെ. ആന്റണി, കെ. സുധാകരൻ എം.പി., ഉമ്മൻചാണ്ടി, രമേശ് ചെന്നിത്തല, തെന്നല ബാലകൃഷ്ണപിള്ള, ശശി തരൂർ എം.പി., പി.സി. വിഷ്ണുനാഥ്, എം. വിൻസെന്റ്, പാലോട് രവി, പത്മജ വേണു ഗോപാൽ എന്നീ സമുന്നത കോൺഗ്രസ്സ് നേതാക്കളുടെയും, ഡോ. ജി. സഞ്ജീവറെഡ്ഡി ഉൾപ്പടെ ദേശീയ ഐ.എൻ.റ്റി.യു.സി. നേതാക്കളുടെയും സാന്നിധ്യത്തിൽ നടത്തിയ കെ. കരുണാകരൻ സ്മാരക ഐ.എൻ.റ്റി.യു.സി. മന്ദിരത്തിന്റെ ഉദ്ഘാടനവും, സംസ്ഥാന ഐ. എൻ.റ്റി.യു.സി. യുടെ സർവ്വരാലും അംഗീകരിക്കപ്പെട്ട പ്രവർത്തനങ്ങളാണ്.

തൊഴിലാളികളുടെ വിവിധങ്ങളായ ആവശ്യങ്ങൾ ഉന്നയിച്ച് കളക്ട്രേറ്റുകൾക്ക് മുന്നിലും സെക്രട്ടറിയേറ്റ് നടയിലും നടത്തിയ നിരവധി ധർണ്ണകളും, സമരങ്ങളും, വിവിധ തൊഴിലാളി വിഷയങ്ങൾ ഉയർത്തിയും, ഇന്ധന വിലവർദ്ധനവിനെതിരെയും, ഗാന്ധി - നെഹ്റു തമസ്കരണത്തിനെതിരെയും കേരളത്തിലെ 140 നിയോജകമണ്ഡലങ്ങളിലും നടത്തിയ സായാഹ്ന ധർണ്ണകളും തൊഴിലാളി പ്രക്ഷോഭങ്ങളുടെ സമരവീര്യവും സംഘടനാ പാടവവും ആരെയും ബോധ്യപ്പെടുത്തുന്നു. സംഘടനാ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി സംസ്ഥാന - ജില്ലാ - റീജിയണൽ - മണ്ഡലം തലങ്ങളിൽ പലപ്രാവശ്യമായി നടത്തിയ ക്യാമ്പുകൾ ഐ.എൻ.റ്റി.യു.സി. പ്രവർത്തനത്തിന് കൂടുതൽ ഊർജ്ജം പകർന്നു.

2014 ലും 2017 ലും 2 പ്രാവശ്യമായി ഇന്റർ നാഷണൽ ലേബർ ഓർഗനൈസേഷൻ ഭരണസമിതിയിലേയ്ക്ക് മത്സരിക്കാൻ സംസ്ഥാന പ്രസിഡന്റ് ശ്രീ. ആർ. ചന്ദ്രശേഖരന് അവസരം ലഭിച്ചപ്പോൾ കേന്ദ്ര സർക്കാരിന്റെയും ദേശീയ - അന്തർദേശീയ കോർപ്പറേറ്റുകളുടെയും എല്ലാ പ്രതിരോധങ്ങളെയും അതിജീവിച്ച് അമ്പരിപ്പിക്കുന്ന ഭൂരിപക്ഷത്തിൽ വിജയിച്ച ശ്രീ. ആർ. ചന്ദ്രശേഖരൻ കേരളാ ഐ.എൻ.റ്റി.യു.സി യ്ക്കും പൊതുവിൽ ഐ.എൻ. റ്റി.യു.സി. പ്രസ്ഥാനത്തിനും തൊഴിലാളി സമൂഹത്തിനും അഭിമാനമായി മാറി.

ചുരുക്കത്തിൽ ചരിത്രം രചിക്കുന്നതും വിജയം സൃഷ്ടിക്കുന്നതും തൊഴിലാളികളാണെന്ന ആപ്തവാക്യത്തിന്റെ പ്രതിഫലനവും നേർകാഴ്ചയുമാണ് ഇന്നത്തെ കേരള ഐ.എൻ.റ്റി.യു.സി.

*******